# മനുഷ്യന് മാത്രമായി ഒരു നിലനിൽപ്പില്ല

ഇ. ഉണ്ണികൃഷ്ണൻ

**1.** വികസനമെന്നത് ക്രമദത്തമായ വളർച്ചയാണ്. അതായത് വികസനത്തിന് ഒരു ക്രമവും താളവുമുണ്ട്. മനുഷ്യൻ മാത്രം അവശേഷിക്കുന്ന അവസ്ഥയിലായാണ് ഇന്ന് വികസനം ലോകത്തെ കൊണ്ടെത്തിച്ചിരിക്കുന്നത്. മനുഷ്യനു മാത്ര മായി ഒരു നിലനിൽപ്പില്ലെന്നതാണ് ഇതിന്റെ മറുവശം. മനു ഷ്യനു നിലനിൽക്കണമെങ്കിൽ മറ്റു പലതും ഒപ്പം നിന്നേ തീരൂ. അവിടെയാണ് വികസനത്തിന്റെ പരിമിതികൾ നിർണ്ണ യിക്കാൻ തുടങ്ങേണ്ടത്. 'ലിമിറ്റ്സ് ടു ഗ്രോത്തും' 'ട്രാജഡി ഓഫ് കോമണും' 'സുസ്ഥിര വികസന'വുമെല്ലാം കാൽചു വട്ടിലെ മണ്ണിളകുന്നതിനെക്കരുതി മുതലാളിത്തത്തിനു ണ്ടായ വിഭ്രമാവസ്ഥകൾ പാരിസ്ഥിതികമായ ഉൾക്കാഴ്ച യെന്ന് തെറ്റിദ്ധരിക്കപ്പെടും വിധം അവതരിപ്പിച്ചിരിക്കുന്ന താണ്. മനുഷ്യന്റെ സമ്പദ്‌വ്യവസ്ഥയുടെ ഭാഗമായിട്ടുള്ള തല്ല പര്യാവരണം അഥവാ എൺവയൺമെന്റ് എന്നും സമ ഗ്രമായ ഒരു പരിസ്ഥിതിയുടെ ഭാഗമായി മനുഷ്യൻ ഉണ്ടാ ക്കിയ ഒരു താത്കാലിക വ്യവസ്ഥയാണ് സമ്പദ്‌വ്യവസ്ഥ യെന്നും തിരിച്ചറിയുമ്പോഴേ വികസനം ഭൂമിയുടെ നൈസർഗിക വ്യവസ്ഥകളെ സംരക്ഷിക്കുന്നതിനും നില നിർത്തുന്നതിനും ഉതകൂ. അത്തരമൊരു ഹരിത സമ്പദ്‌വ്യ വസ്ഥയിലേക്കുള്ള പുരോഗമനമാണ് യഥാർത്ഥ വികസനം.

**2.** പ്രകൃതിയിലെ വിഭവങ്ങളെല്ലാം ചുരുങ്ങുകയും ഒടുവിൽ ഒടുങ്ങുകയും ചെയ്യും. പത്തുമുപ്പതു വർഷത്തിനകം ഇന്ധ നാധിഷ്ഠിതമായി കെട്ടിപ്പൊക്കിയ അംശക സമ്പദ്‌വ്യ വസ്ഥ (ഫോസിൽ ഇക്കോണമി)അവസാനിക്കും. ചുങ്കപ്പാ തകൾ നോക്കുകുത്തിയാകും. പാരിസ്ഥിതികമായി നില നിൽക്കുന്ന ബദലുകൾ ഉണ്ടാവും. പക്ഷെ കുടിവെള്ള ത്തിനും ശുദ്ധവായുവിനും സുരക്ഷിതവും പോഷകസമ്പു ഷ്ടവുമായ ആഹാരത്തിനും പകരമായി മറ്റൊന്നില്ല. അവയെ കരുതി ഉപയോഗിക്കുകയും പ്രകൃതിയുടെ ജല -വായു- ആഹാര ചാക്രികതയ്ക്ക് ഭംഗം വരാതെ സൂക്ഷി ക്കുകയും മാത്രമേ പ്രതിവിധിയുള്ളൂ.

**3.** വികസനമെന്നതുതന്നെ ഇന്ന് സാമൂഹികമായ അസമ ത്വങ്ങൾ ഉണ്ടാക്കുകയും സ്ത്രീകളെയും കുട്ടികളെയും വൃദ്ധരെയും ഒരിക്കൽ അരികുവത്കരിക്കപ്പെട്ടവരെയും വീണ്ടും പടുകുഴിയിലേക്കു നയിക്കുകയും ചെയ്യുന്ന ഒന്നാ യാണ് തിരിച്ചറിയപ്പെട്ടു കഴിഞ്ഞിട്ടുള്ളത്. ലിംഗനീ തിയിലും സമഭാവനയിലും അടിയുറച്ച ഒരു വികസനം സാധ്യമാക്കുകയെന്നത് ഭൗമനീതിയുടെ അനിവാര്യത തന്നെയാണ്.

**4.** വികസനത്തിന്റെ കേരള മാതൃക പ്രതിശീർഷ വരു മാനക്കുറവിലും ജനകീയ ഇടപെടലുകളിലൂടെ സാമൂഹ്യ വികസനം സാധ്യമാക്കിയാണ് ശിരസ്സുയർത്തി നിന്നത്. ശിശുമരണ നിരക്കിലെ കുറവ്, ജനസംഖ്യാനിയന്ത്രണം, സാക്ഷരത, ആയുർദൈർഘ്യം എന്നിവയെല്ലാം കേരളം ബഹുദൂരം മുന്നിലാണെന്ന് തെറ്റിദ്ധരിക്കുന്നു. വികസന ത്തിന്റെ അടയാളമായി കരുതുന്ന ജീവിതനിലവാര സൂചി കകൾ മാറുമ്പോൾ- ആളോഹരി ആനന്ദം പോലുള്ള വിക സന സൂചനാ മാനദണ്ഡങ്ങൾ സ്വീകരിക്കുമ്പോൾ നമ്മുടെ ഈ അഭിമാന ബോധത്തിന്റെ അർത്ഥശൂന്യത ബോധ്യപ്പെടും. മതനിരപേക്ഷവും രാഷ്ട്രീയവുമായ ഒരു പശ്ചാത്തലത്തിലാണ് കേരളം മുന്നേറിയിരുന്നത്. ഈയൊരു നവോത്ഥാനധാര പിറകോട്ടടിക്കുന്നുവെന്നതും കാണാതെ പോകരുത്. വ്യക്തിയിൽ നിന്നു പൊതുസമൂ ഹത്തിലേക്കു വളർന്ന സാമൂഹ്യബോധം വ്യക്തി-കുടും ബം-തറവാട്-സമുദായം എന്നീ പാദചതുഷ്ടയത്തിലാണ് ഇന്ന് നിലനിൽക്കുന്നത്. പന്തിഭോജനങ്ങൾക്കല്ല, പ്രസാദ ഊട്ടിനാണ് കേരളം ഇന്ന് ക്യൂ നിൽക്കുന്നത്.

**5.** വരേണ്യ വികസന മാതൃകയെ ചോദ്യം ചെയ്യുമെന്ന് പ്രതീക്ഷയുണ്ടായിരുന്ന ഇടതുപക്ഷ പ്രസ്ഥാനങ്ങൾ പോലും ചങ്ങാത്തമുതലാളിത്തത്തിന്റെ പങ്കുപറ്റിപ്പടയായി മാറിയിരിക്കുന്നു. കീഴാറ്റൂരിലും കണ്ടങ്കാളിയിലുമൊക്കെ അടുത്തിടെ നടന്ന ജനകീയ മുന്നേറ്റങ്ങൾ പ്രസക്തമാ കുന്നത് ഈ പശ്ചാത്തലത്തിലാണ്. കാസർഗോഡ് ചീമേ നിയിലും കാടകം ഗ്രാമത്തിലും മുക്കാൽ നൂറ്റാണ്ടു മുമ്പ് രൂപമെടുത്ത പൊതുവിഭവസംരക്ഷണത്തെ കരുതിയുള്ള സമരങ്ങളുടെ തുടർച്ചയാണ് കീഴാറ്റൂരിലെയും പ്ലാച്ചിമട യിലെയുമെല്ലാം സമരങ്ങൾ. ആ സമരങ്ങൾക്ക് ക്രിയാത്മ കമായ ഒരു പ്രതിപക്ഷം എന്ന നിലയിൽ പ്രതിരോധം സൃഷ്ടിക്കാനെങ്കിലും കഴിയാതിരിക്കില്ല. മണ്ണും വെള്ളവും പോലുള്ള അടിസ്ഥാന വിഭവങ്ങളെ സംരക്ഷിക്കുന്നതിന് ഊന്നൽ നൽകാത്ത ഏതു വികസന പരിപാടിയും ഇനി യങ്ങോട്ട് ചോദ്യം ചെയ്യപ്പെടും എന്ന പ്രത്യാശയും താക്കീ തുമാണ് ഈ സമരങ്ങൾ നൽകുന്നത്.

**(പരിസ്ഥിതി പ്രവർത്തകൻ, എഴുത്തുകാരൻ)**

# വിഭവപരിമിതി എന്നതിനെ അവഗണിക്കാൻ കഴിയില്ല

എസ്.പി. രവി

**1.** വികസനം എന്ന പദത്തോട് വിയോജിപ്പാണ്. ഭരണകൂ ടങ്ങൾ പറയുന്ന വികസനത്തിന്റെ പര്യായം 'വിനാശം' ആണ്. വികസനത്തിന്റെ അളവുകോൽ ജി.ഡി.പി വർദ്ധ നവാണ്. അതിന്റെ അടയാളങ്ങൾ വീതി കൂടിയ റോഡു കൾ മണ്ണിലും വായുവിലുമുള്ള റെയിൽപ്പാതകൾ, വിമാ നത്താവളങ്ങൾ, മാനം മുട്ടുന്ന നിർമ്മിതികൾ, വ്യവസാ യങ്ങൾ, വാണിജ്യ സമുച്ചയങ്ങൾ, മാളുകൾ, നിരത്ത് നിറ ഞ്ഞുനീങ്ങുന്ന വാഹനങ്ങൾ, പകലും രാത്രിയും തിരക്കൊ ഴിയാത്ത നഗരങ്ങൾ തുടങ്ങിയവയൊക്കെയാണ്. ഇതിൽ മനുഷ്യരില്ല, പ്രകൃതിയും. വികസനത്തിന്റെ കണക്കെടു പ്പുകളിലൊന്നും മനുഷ്യരുടെ സംതൃപ്തി, ശാരീരികവും മാനസികവുമായ ആരോഗ്യം തുടങ്ങിയവ കാണാനാകി

ല്ല. പ്രകൃതി വിഭവങ്ങളുടെ അവസ്ഥയും പരിസ്ഥിതി സന്തുലനവും ഒന്നും വികസനത്തിൽ പരിഗണിക്കപ്പെടുന്ന ഘടകങ്ങളല്ല. സാമൂഹിക അസമത്വങ്ങൾ പരിഗണിക്കപ്പെടുന്നതേയില്ല. നേരത്തെ പുരോഗതി, രാഷ്ട്രനിർമ്മാണം തുടങ്ങിയ പദങ്ങൾ ഉപയോഗിച്ചിരുന്നപ്പോൾ അതിൽ മനുഷ്യരുമുണ്ടായിരുന്നു. പ്രകൃതിയുടെ നിയമങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് സഹജീവികളുടെയും വരാനിരിക്കുന്ന തലമുറകളുടെയും അവകാശങ്ങൾ കവർന്നെടുക്കാത്ത, മനുഷ്യരുടെ സ്വാസ്ഥ്യം ഉറപ്പുവരുത്തുന്ന, അവരുടെ അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റുന്ന, അവർക്ക് മാന്യമായ തൊഴിൽസാഹചര്യവും അവസരവും ഉറപ്പുനൽകുന്ന സാമൂഹ്യവ്യവസ്ഥയാണ് വേണ്ടത്.

**2.** ലോകം ഇന്നും വിഭവപരിമിതി എന്ന വിഷയത്തിന്റെ ഗൗരവം ഉൾക്കൊണ്ടിട്ടില്ല. മനുഷ്യോത്പത്തി മുതൽ 20-ാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധം വരെ ജീവിച്ച മനുഷ്യർ ഉപയോഗിച്ചിട്ടുള്ളതിനേക്കാൾ എത്രയോ അധികം വിഭവങ്ങളാണ് അതിനുശേഷമുള്ളവർ ഉപയോഗിച്ചുതീർത്തത്. ഈ അമിത ഉപഭോഗം രണ്ട് തലമുറകൾ കൂടി മുമ്പേ തുടങ്ങിയിരുന്നുവെങ്കിൽ ഇന്നും നമുക്ക് പലതും ലഭ്യമാകില്ലായിരുന്നു. ഒരു റിസോഴ്സ് ഓഡിറ്റ് നടത്തേണ്ടതിന്റെ ആവശ്യകത ഭരണകൂടങ്ങൾക്കെന്നല്ല പ്രതിരോധ പ്രവർത്തകർക്ക് പോലും ബോധ്യപ്പെട്ടിട്ടുണ്ടോ എന്ന് സംശയമാണ്. കാലാവസ്ഥാവ്യതിയാനം ഉൾപ്പെടെയുള്ള വെല്ലുവിളികളെ നേരിടുന്നതിന് മുന്നോട്ടുവയ്ക്കപ്പെടുന്ന ബദലുകളും വിഭവപരിമിതി എന്ന വിഷയത്തെ അവഗണിക്കുകയാണ്. കാർബൺ ന്യൂട്രൽ ആണെങ്കിൽ പിന്നെയെല്ലാം ശരിയാകുമെന്ന് കരുതുന്നത് മൗഢ്യമാണ്. സൗരോർജ്ജത്തിനെല്ലാം വല്ലാതെ വിലകുറയുന്നത് കൂടുതൽ വിനാശകാരികളായ പരമ്പരാഗത സ്രോതസ്സുകളെ ഒഴിവാക്കുന്നതിന് സഹായകമാവുമ്പോൾ തന്നെ ഉപഭോഗം വർദ്ധിക്കുക എന്ന അപകടത്തിലേക്കും നയിക്കുന്നു. വിഭവങ്ങൾ തീരുന്നതുമൂലം തന്നെ ഇന്നത്തെ വികസനരീതികൾ ഏതാനും പതിറ്റാണ്ടിനപ്പുറം മുന്നോട്ടുപോകില്ല. ഭൂമിയുടെ പരിധിയും പരിമിതിയും തിരിച്ചറിഞ്ഞ് അതിനുള്ളിൽ ജീവിക്കുക എന്നതല്ലാതെ കുറുക്കുവഴികളില്ല. ഓരോ പ്രദേശത്തേയും വിഭവലഭ്യതയും വരും തലമുറകളുടെ കൂടി അവകാശങ്ങൾ കണക്കിലെടുത്തുകൊണ്ടുള്ള നീതിപൂർവ്വകമായ വിതരണവും പരിഗണിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് വേണ്ടത്. അതിൽ വ്യക്തമായ മുൻഗണനകൾ ഉണ്ടാകണം. ഉപയോഗിക്കുന്ന വിഭവങ്ങൾ പരമാവധി പുനർനിർമ്മിക്കപ്പെടുന്നവയാകണം.

**3.** നിലവിലെ വികസനം സാമൂഹിക അസമത്വങ്ങൾ വർദ്ധിപ്പിക്കുന്നതാണെന്നത് വ്യക്തമാണല്ലോ. പരിസ്ഥിതിക്കിണങ്ങുന്ന, നിലനിൽപ്പിന്റെതായ ജീവിതശൈലിക്ക് മാത്രമേ സാമൂഹികനീതി ഉറപ്പുവരുത്താനാകൂ. ലിംഗനീതി ഉറപ്പുവരുത്തുന്നതിന് വിവാഹം, കുടുംബം തുടങ്ങിയ സ്ഥാപനങ്ങളിലെ അധികാരഘടന, ഈ സ്ഥാപനങ്ങളും സ്വകാര്യസ്വത്തും തമ്മിലുള്ള ബന്ധം, മത-ജാതി സംവിധാനങ്ങളുമായുള്ള ബന്ധം തുടങ്ങിയവയിലെ മാറ്റങ്ങൾ കൂടി അനിവാര്യമാണെന്നു തോന്നുന്നു.

**4.** കേരള മോഡൽ ഇന്നും പ്രസക്തമാണ്. കൂടിയ സാമ്പത്തിക വളർച്ച സാമൂഹിക അസമത്വം വർദ്ധിപ്പിച്ച ചരിത്രമാണ് നമുക്കുള്ളത്. വിഭവപരിമിതിക്കുള്ളിൽ നിന്നുകൊണ്ടുള്ള പുരോഗതിയിൽ സാമ്പത്തികവളർച്ച കുറവുതന്നെയായിരിക്കും. എന്നാൽ, ഇവിടെ ശരിയായ ഇടപെടലുകളിലൂടെ സാമൂഹിക സമത്വവും സുരക്ഷയും ഉറപ്പാക്കുക സാധ്യമാണ്. പക്ഷെ 1970 കളിലെ നമ്മുടെ യഥാർത്ഥ സമ്പത്തായ പ്രകൃതിവിഭവങ്ങളിൽ വലിയ ശോഷണം സംഭവിച്ചു എന്നതും കാലാവസ്ഥ മാറുന്നതും വലിയ വെല്ലുവിളികളാണ്.

**5.** വികസനം എന്ന പേരിൽ ഒരു മായാലോകത്തെ കാണിച്ച് ജനങ്ങളെ അതിന്റെ ആകർഷണ വലയത്തിനുള്ളിലാക്കുന്നതിൽ അതിന്റെ വക്താക്കൾ വിജയിച്ചിരിക്കുന്നു. ഇത് മിഥ്യയാണെന്നും സർവനാശത്തിലേക്കുള്ള വഴിയാണെന്നും പൊതുസമൂഹത്തെ ബോധ്യപ്പെടുത്താനാകുമോ എന്നതാണ് ചോദ്യം. അതിനുള്ള ധാർമ്മികമായ അവകാശം തീർച്ചയായും സിവിൽസമൂഹത്തിനും പ്രതിരോധ പ്രസ്ഥാനങ്ങൾക്കും ഉണ്ട്. പക്ഷെ ഈ കഠിനദൗത്യം ഏറ്റെടുക്കാനുള്ള അറിവും കഴിവും പക്വതയും ഉണ്ടോ എന്നത് വലിയ ചോദ്യമാണ്.

**(ചാലക്കുടിപ്പുഴ സംരക്ഷണ സമിതി പ്രവർത്തകൻ)**

# മത്സ്യത്തൊഴിലാളികൾ കൊല്ലപ്പെടുന്നത് ഒരു മാതൃകയല്ല

മാഗ്ലിൻ ഫിലോമിന

**1.** ശുദ്ധമായ വായു, വെള്ളം, മണ്ണ്, അന്തരീക്ഷം എന്നിവയാണ് എന്റെ കാഴ്ച്ചപ്പാടിൽ വികസനം. സമൃദ്ധമായി ജീവിക്കാൻ ഓരോ മനുഷ്യർക്കും അവരുടെ ചുറ്റുപാടിൽ തന്നെ സാഹചര്യമുണ്ടാക്കുക എന്നതാകണം വികസനത്തിന്റെ ലക്ഷ്യം. സമൃദ്ധമായി ജീവിക്കുക എന്നതിലൂടെ നമ്മുടെ പരമ്പരാഗത ജീവിതരീതി തന്നെയാണ് ഞാൻ ഉദ്ദേശിച്ചത്. അങ്ങനെയാണ് മനുഷ്യർ ജീവിച്ചിരുന്നത്. ആ സാഹചര്യങ്ങളെ ഇല്ലാതാക്കുക എന്ന പ്രക്രിയയാണ് ഇപ്പോൾ നടക്കുന്ന വികസനം. വികസനത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ ഗാന്ധി പറഞ്ഞതുപോലെ ഏറ്റവും ദരിദ്രരായ ആളുകളുടെ മുഖമാണ് മനസ്സിൽ വരേണ്ടത്. സ്വസ്ഥമായി ജീവിക്കുന്നതിനുള്ള സാഹചര്യം ദരിദ്രരായ ജനസമൂഹങ്ങൾക്ക് ഒരുക്കുക എന്നതുതന്നെയാവണം വികസനത്തിന്റെ മുൻഗണന. അതിനർത്ഥം ആദിവാസികൾക്ക് ഫ്ളാറ്റ് നിർമ്മിച്ചു നൽകുക എന്നതല്ല. അങ്ങനെയൊരു പദ്ധതി ഇപ്പോൾ കേരളത്തിൽ നടക്കുന്നുണ്ട്. അത് ഒരു തെറ്റായ വികസന മാതൃകയുടെ ഉദാഹരണമാണ്. ഓരോ ജനതയ്ക്കും അവർ ജീവിക്കുന്ന ചുറ്റുപാടുകളിൽ തന്നെ നന്നായി നിലനിൽക്കാനുള്ള ശേഷി ഉണ്ടാക്കുക എന്നതായിരിക്കണം വികസനത്തിന്റെ പരിഗണന.

**2.** വികസനവും അധികാരവും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. മൂല്യാധിഷ്ഠിതമായ സങ്കൽപ്പത്തിലൂടെയുള്ള വിക